**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4423** **06-03-2023 - ൽ മറുപടിയ്ക്ക്**

**ബീഫെഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കേരള സ്റ്റേറ്റ് ബീ കീപ്പിംങ് ഇൻഡസ്ട്രീസ് ഫെഡറേഷൻ (ബീഫെഡ്) ഖാദി ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണോ എന്ന് വ്യക്തമാക്കാമോ; | (എ) | കേരള സ്റ്റേറ്റ് ബീ കീപ്പിംങ് ഇൻഡസ്ട്രീസ് ഫെഡറേഷൻ (ബീഫെഡ്) ഖാദി ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമല്ല. തിരുവിതാംകൂർ-കൊച്ചി ശാസ്ത്ര, സാഹിത്യ, ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചിരുന്ന ഒരു Charitable Institution ആണ് ഇത്. |
| (ബി) | ഈ സ്ഥാപനത്തെ ഖാദി ബോർഡിൽ ലയിപ്പിയ്ക്കാൻ ബോർഡ് തീരുമാനമെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | ഈ സ്ഥാപനത്തെ ഖാദി ബോർഡിൽ ലയിപ്പിക്കാൻ ബോർഡ് തീരുമാനമെടുത്തിട്ടില്ല. ഖാദി ബോർഡിന്റെ 10-02-2015-ലെ ആറാം നമ്പർ ബോർഡു തീരുമാന പ്രകാരം ബീഫെഡിന്റെ കിഴിലുള്ള തേൻ സംസ്കരണ യൂണിറ്റിനെ, തിരുവനന്തപുരം ജില്ലാ ഖാദി ഗ്രാമ വ്യയവസായ ആഫീസിനു കീഴിൽ ഒരു തേൻ ഉൽപാദന യൂണിറ്റാക്കി മാറ്റുന്നതിനാണ് തീരുമാനമെടുത്തത്. |
| (സി) | ബീഫെഡിന്റെ തേൻ സംസ്കരണ യൂണിറ്റ് മാത്രമാണോ ലയിപ്പിയ്ക്കാൻ തീരുമാനമെടുത്തത് എന്ന് വ്യക്തമാക്കാമോ; | (സി) | ലയിപ്പിയ്ക്കാൻ ബോർഡ് തീരുമാനമെടുത്തിട്ടില്ല. ബീഫെഡിന്റെ കീഴിലുള്ള തേൻ സംസ്കരണ യൂണിറ്റിനെ, തിരുവനന്തപുരം ജില്ലാ ഖാദി ഗ്രാമ വ്യവസായ ആഫീസിനു കീഴിൽ ഒരു തേൻ ഉല്പാദന യൂണിറ്റാക്കി മാറ്റുന്നതിനാണ് തീരുമാനമെടുത്തത്. |
| (ഡി) | എങ്കിൽ കേരള ഖാദി ഗ്രാമവ്യവസായ ബോർഡിൽ ബീഫെഡ് എന്നാണ് ലയിപ്പിച്ചത് എന്ന വിവരം ലഭ്യമാക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ഡി) | ബാധകമല്ല. |
| (ഇ) | ഖാദിബോർഡിന്റെ കീഴിൽ തേൻ ഉല്പാദന യൂണിറ്റാക്കി മാറ്റിയശേഷം ബീഫെഡിന്റെ പ്രവർത്തനം എപ്രകാരമാണെന്ന് വിശദമാക്കാമോ; ബീഫെഡിനെ ഖാദിബോർഡിൽ ലയിപ്പിച്ച സാഹചര്യത്തിൽ പ്രസ്തുത സ്ഥാപനത്തിൽ മാനേജിംഗ് ഡയറക്ടറെ നിയമിച്ചിട്ടുണ്ടോ; | (ഇ) | ഈ യൂണിറ്റിലെ കാര്യങ്ങൾ നോക്കി നടത്താൻ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിലെ ഒരു ജീവനക്കാരനെ മാനേജിംഗ് ഡയറക്ടർ എന്ന പേരിൽ നിയോഗിച്ചിട്ടുണ്ട്. ഖാദി ബോർഡിന്റെ കീഴിൽ തേൻ ഉല്പാദന യൂണിറ്റ് പ്രവർത്തന സജ്ജമാക്കി. 2020-ൽ പ്രീപ്രോസസ്സിംഗ് |

| | | | |
|---|---|---|---|
| | | | യൂണിറ്റ് നവീകരിച്ചു. അഗ്മാർക്ക് ലൈസൻസ് പുതുക്കി. ഇപ്പോഴും പ്രവർത്തിക്കുന്നു. |
| (എഫ്) | എങ്കിൽ നിയമന ഉത്തരവിന്റെ പകർപ്പ് നൽകാമോ? | (എഫ്) | മാനേജിംഗ് ഡയറക്ടറെ നിയമിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

7

**കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറിയുടെ നടപടിക്രമം.**
**(ഹാജർ : ഡോ. കെ. എ. രതീഷ്, സെക്രട്ടറി)**

വിഷയം:- സ്ഥാപനക്കാര്യം - ഭരണപരം - ബീ-ഫെഡറേഷൻ, മാനേജിംഗ് ഡയറക്ടർ - ചാർജ്ജ് നല്കൽ -ഉത്തരവിറക്കൽ- സംബന്ധിച്ച്

---

നം.കെ.ബി. 6250/2018/ഇ 1(എ) തിരുവനന്തപുരം, തീയതി: 23/07/2021

---

വായന:- ബഹു.വൈസ് ചെയർപേഴ്സണിന്റെ 23-07-2021 ലെ നിർദ്ദേശം

ഭരണപരമായ ക്രമീകരണത്തിന്റെ ഭാഗമായി താഴെ പറയും പ്രകാരം ചാർജ്ജ് കൈമാറ്റം നൽകി ഉത്തരവാകുന്നു.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലാ ഖാദി ഗ്രാമ വ്യവസായ കാര്യാലയത്തിലെ ബീ കീപ്പിംഗ് ഫീൽഡ്മാനായ ശ്രീ.വി.ആർ.ഗോപകുമാറിന് ബീ-കീപ്പിംഗ് ഫെഡറേഷൻ മാനേജിംഗ് ഡയറക്ടറുടെ ചുമതല നൽകി നിയമിച്ച് ഉത്തരവാകുന്നു. നിലവിൽ ബീ-കീപ്പിംഗ് ഫെഡറേഷൻ മാനേജിംഗ് ഡയറക്ടറുടെ ചുമതല വഹിക്കുന്ന ശ്രീമതി. റ്റി.കെ ശ്രീജ, വില്ലേജ് ഇൻഡസ്ട്രീസ് ഓഫീസർ ബീഫെഡിന്റെ ചുമതല ശ്രീ.വി.ആർ.ഗോപകുമാറിന് കൈമാറേണ്ടതാണ്.

ശ്രീ.വി.ആർ.ഗോപകുമാർ നിലവിലെ ചുമതലകളോടൊപ്പം ബീ-കീപ്പിംഗ് ഫെഡറേഷന്റെ സ്റ്റോക്കിന്റെ ചുമതല കൂടി ശ്രീ.ബ്രൈറ്റ് ഇസ്രായേൽ, ബീ കീപ്പിംഗ് ഫീൽഡ്മാനിൽ നിന്നും ഏറ്റെടുക്കേണ്ടതും ശ്രീ.ബ്രൈറ്റ് ഇസ്രായേൽ സ്റ്റോക്കിന്റെ ചുമതല ശ്രീ.വി.ആർ.ഗോപകുമാറിന് കൈമാറേണ്ടതുമാണ്. തേൻ സംസ്കരണം, നിലവിലുള്ള അസംസ്കൃത തേനിന്റെ പ്രോസസിംഗ്, വില്പനയ്ക്ക് അനുയോജ്യമാക്കൽ തുടങ്ങിയ പ്രവർത്തികൾ അടിയന്തിരമായി പൂർത്തിയാക്കി റിപ്പോർട്ട് ബോർഡ് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

ശ്രീ.വി.ആർ.ഗോപകുമാർ തിരുവനന്തപുരം ജില്ലാ ഖാദി ഗ്രാമ വ്യവസായ കാര്യാലയത്തിൽ നിലവിൽ വഹിക്കുന്ന സെക്ഷന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി ആഴ്ചയിൽ രണ്ടു ദിവസം ഓഫിസിൽ ഹാജരാകേണ്ടതാണ്

ടി ജീവനക്കാരൻ ചുമതല ഏറ്റെടുത്ത വിവരം പ്രോജെക്റ്റ് ഓഫീസർ ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്

ഒപ്പ്/-
സെക്രട്ടറി

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്:-

പ്രോജെക്റ്റ് ഓഫീസർ, തിരുവനന്തപുരം/സ്റ്റാറ്റിസ്റ്റീഷൻ
ഇ 1(ബി)/ഇ 1(എ)പെൻ/ഇ 2/ഇ 3//ഇ 8/
പി.എസ് ടു വി.സി/ സി.എ ടു സെക്രട്ടറി/സൂക്ഷിപ്പ് ഫയൽ

ഉത്തരവിൻപ്രകാരം

ഡയറക്ടർ (ഭരണ വിഭാഗം)